**POLICE** **DEPARTMENT**

**KERALA**

**No. E2(a)-43200/2017/W**
District Police Office,
Wayanad
spwynd.pol@kerala.gov.in
04936202525
Dated. 05-09-2018

**<u>ലേല പരസ്യം</u>**

വയനാട് ജില്ല സായുധ സേന ക്യാമ്പിൽ 2015 മുതൽ 2018 വരെയുള്ള കാലയളവിൽ ഡിപ്പാർട്ട്മെൻറ് വക വാഹനങ്ങളിൽ നിന്ന് മാറ്റിയതും ഉപയോഗ്യമല്ലാത്തതുമായ താഴെ വിവരിക്കുന്ന വസ്തുക്കൾ 2018 ഒക്ടോബർ 17 നു പകൽ 11 മണിക്ക് കൽപ്പറ്റ , പുത്തൂർവയൽ ക്യാമ്പിൽ വെച്ച് പരസ്യമായ് ലേലം ചെയ്ത് വില്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

1.എം ടി സ്പേയർ പാർട്ടസുകൾ-186 എണ്ണം,
2.വെയ്സ്റ്റ് ഓയിൽ-1575 ltr,
3.ടയറുകൾ വിവിധ തരം-315 എണ്ണം,
4.ഫ്ലാപ്പുകൾ വിവിധ തരം - 38 എണ്ണം,
5.ട്യൂബുകൾ-80 എണ്ണം

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപ് മേൽ പറഞ്ഞിരിക്കുന്ന വസ്തുക്കൾക്കുള്ള നിരതദ്രവ്യമായ 5894/- രൂപ കെട്ടിവെക്കേണ്ടതുമാണ്.കൂടാതെ സാധനങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി നേരിട്ടോ തപാൽ മാർഗ്ഗമോ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.ദർഘാസുകൾ മുദ്രവെച്ച കവറിൽ ഒക്ടോബർ 16 നു വൈകുന്നേരം 4.30 നകം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.ദർഘാസിനോടൊപ്പം വസ്തുവിൻറെ നിരതദ്രവ്യമായ് നിശ്ചയിച്ചിരിക്കുന്ന തുകയ്ക്കുള്ള, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും വയനാട് ജില്ലാ പോലീസ് മേധാവിയുടെ പേരിൽ ,മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്.നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും.ദർഘാസുകൾ അയക്കുന്ന കവറിനു പുറത്ത് 'ഉപയോഗയോഗ്യമല്ലാത്ത വസ്തുക്കളുടെ ലേലത്തിനുള്ള ദർഘാസ്' എന്നെഴുതി കവർ മുദ്ര വെക്കേണ്ടതാണ്.

പരസ്യലേലം കഴിഞ്ഞാലുടൻ ദർഘാസുകൾ ലേലത്തിൽ പങ്കെടുക്കാൻ എത്തിയിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ലേലം വിളിച്ച തുകയോ ദർഘാസ് തുകയോ ഏതാണ് കൂടുതൽ ആ തുകയ്ക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ലേലം ബന്ധപ്പെട്ടയാളുടെ പേരിൽ തൽക്കാലികമായി ഉറപ്പിക്കുന്നതായിരിക്കും.ലേലം കൊണ്ടയാൾ ഉടനെ തന്നെ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം ഒഴികെ നികുതിയടക്കം ലേല സ്ഥലത്തുവെച്ച് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ് .ബാക്കി തുക നികുതി ഉൾപ്പെടെ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനകം അടച്ചു സ്വന്തം ചെലവിലും ഉത്തരവാദിതത്തിലും സാധനം നീക്കം ചെയ്യേണ്ടതാണ് . ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ മടക്കി നൽകുന്നതാണ്.
മേൽ പറഞ്ഞ പ്രകാരം ലേലം/ദർഘാസ് കൊണ്ടായാൾ ലേല നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാൾ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും സാധനങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്.പുനർലേലത്തിൽ സർക്കാരിനു എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിനു ആദ്യം ലേലം/ദർഘാസ് കൊണ്ടായാൾ ഉത്തരവാദിയാകുന്നതും പുനർലേലത്തിൽ മുൻ വിൽപനയേക്കാൾ കൂടുതൽ തുക ലഭിച്ചാൽ ആയതിനു ആദ്യം ലേലം/ദർഘാസ് കൊണ്ടയാൾക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.
ജില്ല സായുധ സേന ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും ലേലം ചെയ്യാനുദ്ദേശിക്കുന്ന സാധനങ്ങൾ ലേലത്തിനു മുൻപുള്ള 15 പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ വയനാട് ജില്ല സായുധ സേന വിഭാകം അസ്സി.കമാണ്ടണ്ടൻറിൻറെ മുൻകൂർ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്.

സർക്കാർ സാധനങ്ങൾ ലേലം ചെയ്യുന്നതുമായ് ബന്ധപ്പെട്ട നിലവിലുള്ള എല്ലാ നിയമങ്ങളും ഈ ലേലത്തിനും ബാധകമാണ്.

യാതൊരു കാരണവും കൂടാതെ ഈ നോട്ടീസിൽ പ്രകാരമുള്ള ലേലനടപടികൾ മാറ്റിവെക്കാനോ ലേലം/ദർഘാസ് വില്പന അസ്ഥിരപ്പെടുത്താനോ ഉള്ള പൂർണ്ണ അധികാരം വയനാട് ജില്ല പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.



KARUPPASAMY R IPS
Superintendent of Police

| | | |
|---|---|---|
| To | : | എസ്.പി.സി. തിരുവനന്തപുരം , എല്ലാ എഡിജിപി മാർക്കും, ഐജിപി ക്കും എല്ലാ ഡിപിസി മാർക്കും , എ സി ഡി എച്ച് ക്യൂ, വയനാടിന് അനതര നടപടിക്കായി. സുപ്രണ്ട് ഗവർമെൻറ് പ്രെസ്സ് തിരുവനന്തപുരം , ഡയറക്ടർ പബ്ലിക് റിലഷൻസ് , തിരുവനന്തപുരം , ജില്ല ഇൻഫോർമേ ഷൻ ഒഫ്ഫീസർ , കല്പറ്റ ,വയനാട്. |
| Copy To | : | ജില്ലയിലെ എല്ലാ ഒഫ്ഫീസർമാർക്കും അറിവിലേക്കും പരസ്യത്തിനുമായി. |